# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## 2019 നവംബർ മാസം 08 – ന് നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം

കേരളത്തെയും കർണാടകയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച് 766. ഈ പാതയിൽ 2009 മുതൽ രാത്രികാല ഗതാഗതം നിരോധിച്ചിരിക്കുകയാണ്. വന്യമൃഗങ്ങളുടെ സ്വൈര വിഹാരത്തിന് തടസ്സം ഉണ്ടാക്കുന്നു എന്ന പേരിലാണ് മനുഷ്യരുടെ യാത്രാ സ്വാതന്ത്ര്യവും സൗകര്യവും തടഞ്ഞത്. ഇതുമൂലം വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലുള്ള ജനങ്ങൾക്ക് ഗുണ്ടൽപേട്ട, മൈസൂർ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യണമെങ്കിൽ 100 കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടിവരുന്നു. ഗുണ്ടൽപേട്ട, നഞ്ചൻകോഡ്, കൊല്ലഗൽ മേഖലകളിൽ നിന്ന് ഇരുപതിനായിരത്തിൽ അധികം തൊഴിലാളികൾ തോട്ടം, നിർമ്മാണ മേഖലകളിൽ വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി ജോലി ചെയ്യുന്നു. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, നിർമ്മാണസാമഗ്രികൾ തുടങ്ങി പല ഉൽപ്പന്നങ്ങളും കേരളത്തിൽ നിന്നും കർണാടകത്തിലേക്കും തിരിച്ചും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാന പാതയാണ് എൻഎച്ച് 766.

നാല് ചുരങ്ങൾക്ക് മുകളിൽ സ്ഥിതിചെയ്യുന്ന ജില്ലയാണ് വയനാട്. കാലവർഷ ദുരന്തം ഉണ്ടാകുന്നവേളയിൽ ഒറ്റപ്പെടുന്ന വയനാട്ടിലേക്ക് ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിപ്പെടാനുള്ള സമതലത്തിലൂടെയുള്ള ഏക ഗതാഗത മാർഗ്ഗമാണ് എൻഎച്ച് 766. റെയിൽ ഗതാഗതമോ, ജലപാതയോ, വ്യോമഗതാഗതമോ ഒന്നുമില്ലാത്ത വയനാട്ടിൽ എൻ.എച്ച് 766 ജനങ്ങളുടെ നിലനിൽപ്പിനുള്ള പാത കൂടിയാണ്.

ഈ സാഹചര്യത്തിൽ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കുകയും രാത്രിയാത്രാ നിരോധനം പിൻവലിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ബഹു. കോടതി ഈ കേസ് പരിഗണിച്ചു വരികയുമാണ്. ഇതിനിടയിൽ ബന്ദിപ്പൂർ വനമേഖലയിൽ 25 കിലോമീറ്ററിനുള്ളിൽ 5 ആകാശ പാതകൾ നിർമ്മിക്കുകയും ബാക്കി സ്ഥലങ്ങളിൽ റോഡിനിരുവശവും കമ്പിവേലി നിർമ്മിക്കുകയും ചെയ്താൽ രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ കഴിയും എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ച വിദഗ്ധ സമിതിയുടെ യോഗത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ നിർദേശം സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് ഏകദേശം 500 കോടി രൂപയോളം ചെലവ് വരുമെന്നും ഈ തുക ദേശീയപാത വിഭാഗവും കേരളവും സംയുക്തമായി വഹിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ബജറ്റിൽ 250 കോടി രൂപ നീക്കി വച്ചിട്ടുള്ളതുമാണ്.

എന്നാൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സുപ്രീം കോടതിയിൽ കേസ് പരിഗണനയ്ക്ക് വന്നപ്പോൾ ഈ പാത പകൽസമയവും അടച്ച് സംസ്ഥാന ഹൈവേ 90-ഉം 275-ഉം വികസിപ്പിച്ച് എൻ.എച്ച് 766 – ന് ബദൽപാതയായി ഉപയോഗിച്ചുകൂടേയെന്ന് ചോദിച്ച ബഹു.കോടതി ഇതുസംബന്ധിച്ച് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം സത്യവാങ്മൂലമായി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. കേരള-തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലൂടെയും കർണാടകയിലെ നാഗർഹോള ടൈഗർ റിസർവ്വിലൂടെയും കടന്നു പോകുന്ന സംസ്ഥാന ഹൈവേ 275 ബദൽപാതയല്ല വനത്തിലൂടെ തന്നെയുള്ള മറ്റൊരു പാതയാണ്. കഴിഞ്ഞ പത്തുവർഷമായി ദേശീയപാത 766-ൽ

നിലനിൽക്കുന്ന രാത്രിയാത്ര നിരോധനം പകൽ കൂടി ഉണ്ടായേക്കുമെന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ വയനാട്ടിലെ ജനങ്ങൾക്കിടയിൽ ആകെ അസ്വസ്ഥതയും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്.

ദേശീയപാത 766-ലൂടെയുള്ള ജനങ്ങളുടെ യാത്രാ അവകാശം സംരക്ഷിക്കാനും വന്യമൃഗങ്ങളുടെ സ്വൈരവിഹാരം ഉറപ്പുവരുത്താനും ബദൽ നിർദ്ദേശങ്ങൾ കണ്ടെത്തണമെന്ന കേരളത്തിന്റെ അഭിപ്രായം മുഖ്യമന്ത്രി കേന്ദ്ര മന്ത്രിമാരുമായി പങ്കുവച്ചിട്ടുള്ളതാണ്. വാഹനങ്ങൾ കടന്നു പോകുന്ന ഇന്ത്യയിലെ അമ്പതോളം കടുവാ സങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ഈ ദേശീയ പാതയിൽ മാത്രം കൊണ്ടുവരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണ്. കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിയ്ക്ക് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുവരെയും പ്രസ്തുത സമിതി രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെയും മലബാറിലെയും ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്താനും നിലവിലുള്ള യാത്രാ നിരോധനം നീക്കുവാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

തിരുവനന്തപുരം
08.11.2019

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.